### സൂറഃ-8

# അൽ അൻഫാൽ

**20.** അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനെ അനുസരിക്കുവിൻ, അവന്റെ ദൂതനെയും. ഉപദേശം കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തിൽനിന്ന് തിരിഞ്ഞുപോകരുത്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَوَلَّوْاْ عَنْهُ وَأَنتُمْ تَسْمَعُونَ ﴿٢٠﴾

**21.** യഥാർഥത്തിൽ കേൾക്കാതെ കണ്ട് കേട്ടിരിക്കുന്നുവെന്നു പറഞ്ഞവരെപ്പോലെ പെരുമാറുകയുമരുത്.

وَلَا تَكُونُواْ كَٱلَّذِينَ قَالُواْ سَمِعْنَا وَهُمْ لَا يَسْمَعُونَ ﴿٢١﴾

**22.** ബുദ്ധി ഉപയോഗപ്പെടുത്താത്ത ബധിരരും മൂകരുമായ മനുഷ്യരാകുന്നു അല്ലാഹുവിങ്കൽ ഏറ്റം നികൃഷ്ടമായ ജന്തുക്കൾ.

۞ إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلصُّمُّ ٱلْبُكْمُ ٱلَّذِينَ لَا يَعْقِلُونَ ﴿٢٢﴾

**23.** അത്തരം മനുഷ്യരിൽ വല്ല നന്മയുമുണ്ടെന്ന് അല്ലാഹു അറിഞ്ഞുവെങ്കിൽ തീർച്ചയായും അവരെ കേൾപ്പിക്കുമായിരുന്നു. നന്മയൊട്ടുമില്ലെന്നിരിക്കെ കേൾപ്പിച്ചാൽ അവർ അവഗണിച്ചു തിരിഞ്ഞുകളയുകയേയുള്ളൂ.

وَلَوْ عَلِمَ ٱللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ ۖ وَلَوْ أَسْمَعَهُمْ لَتَوَلَّواْ وَّهُم مُّعْرِضُونَ ﴿٢٣﴾

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ = അല്ലയോ സത്യവിശ്വാസികളേ  أَطِيعُواْ ٱللَّهَ = നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ

وَرَسُولَهُۥ = അവന്റെ ദൂതനെയും  وَلَا تَوَلَّوْاْ عَنْهُ = നിങ്ങൾ അദ്ദേഹത്തിൽനിന്ന് തിരിഞ്ഞുപോകരുത്

وَأَنتُمْ تَسْمَعُونَ = നിങ്ങൾ (അദ്ദേഹത്തിന്റെ ഉപദേശം) കേട്ടുകൊണ്ട്  وَلَا تَكُونُواْ = നിങ്ങൾ ആവുകയുമരുത് (പെരുമാറുകയുമരുത്)

كَٱلَّذِينَ قَالُواْ = പറഞ്ഞവരെപ്പോലെ  سَمِعْنَا = ഞങ്ങൾ കേട്ടിരിക്കുന്നു

وَهُمْ لَا يَسْمَعُونَ = അവർ കേൾക്കുന്നില്ല (യഥാർഥത്തിൽ കേൾക്കാതെ കണ്ട്)

إِنَّ شَرَّ ٱلدَّوَآبِّ = ജന്തുക്കളിൽ ഏറ്റവും നികൃഷ്ടമായത് (ഏറ്റം നികൃഷ്ടമായ ജന്തുക്കൾ)  عِندَ ٱللَّهِ = അല്ലാഹുവിങ്കൽ

ٱلصُّمُّ = ബധിരർ(രും)  ٱلْبُكْمُ = മൂകർ (രുമായ മനുഷ്യരാകുന്നു)

ٱلَّذِينَ لَا يَعْقِلُونَ = ഗ്രഹിക്കാത്തവരായ, ബുദ്ധി ഉപയോഗപ്പെടുത്താത്തവരായ  وَلَوْ عَلِمَ ٱللَّهُ = അല്ലാഹു അറിഞ്ഞുവെങ്കിൽ

فِيهِمْ = അവരിൽ (ഉണ്ടെന്ന്)  خَيْرًا = വല്ല നന്മയും  لَّأَسْمَعَهُمْ = അവൻ തീർച്ചയായും അവരെ കേൾപ്പിച്ചു (പ്പിക്കുമായിരുന്നു)

وَلَوْ أَسْمَعَهُمْ = (നന്മയൊട്ടുമില്ലെന്നിരിക്കെ) അവൻ അവരെ കേൾപ്പിച്ചാൽ

لَتَوَلَّواْ = തീർച്ചയായും അവർ തിരിഞ്ഞു (കളയുകയേയുള്ളൂ)  وَّهُم مُّعْرِضُونَ = അവർ അവഗണി(ച്ചു)ക്കുന്നവരായിക്കൊണ്ട്

**20:** എക്കാലത്തും എല്ലാ മുസ്‌ലിംകളും പാലിക്കേണ്ട ഒരടിസ്ഥാന ധർമത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണിവിടെ. നേരത്തേ *ആലുഇംറാൻ, അന്നിസാഅ്, അൽമാഇദ* തുടങ്ങിയ സൂറകളിൽ ഈ വിഷയം പല രീതികളിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഇവിടെ വിശ്വാസികളെ മൊത്തത്തിൽ സംബോധന ചെയ്യുന്നുണ്ടെങ്കിലും പ്രഭാഷണത്തിന്റെ മുഖം തിരിഞ്ഞിരിക്കുന്നത് വിശ്വാസദൗർബല്യം ബാധിച്ചവരിലേക്കും കപടവിശ്വാസികളിലേക്കുമാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. വിശ്വാസിസമൂഹത്തിലെ അനഭിമതരെ വിമർശിക്കുമ്പോൾ, സംസാരിക്കുന്നത് അവരോടാണ് എന്ന് വ്യക്തമാക്കാതെ പൊതുസമൂഹത്തെ മുന്നിൽനിർത്തി സംസാരിക്കുക ഖുർആന്റെ സാധാരണ സമ്പ്രദായമാണ്. ബന്ധപ്പെട്ടവർ അപമാനിക്കപ്പെടാനിടയാകാതെ അവരെ ആത്മപരിശോധനക്കും സ്വയം സംസ്കരണത്തിനും പ്രേരിപ്പിക്കുന്നതിനുവേണ്ടിയാണത്, അതോടൊപ്പം അത്ത

രം ദോഷങ്ങളില്ലാത്തവർക്ക് കൂടുതൽ പഠിക്കാനും പക്വത നേടാനും അതുപകരിക്കുന്നു.

ഇവിടെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക എന്നു പറഞ്ഞത് സത്യവിശ്വാസം താൽപര്യപ്പെടുന്ന വിധത്തിൽ അനുസരിക്കുക എന്ന അർഥത്തിലാണ്. പ്രത്യക്ഷത്തിൽ അനുസരിക്കുന്നുവെന്ന് വരുത്തിയാൽ പോരാ. അത്തരത്തിലുള്ളതാണ് കപടന്മാരുടെയും ദുർബല വിശ്വാസികളുടെയും അനുസരണം. കേട്ടുകൊണ്ടിരിക്കെ അദ്ദേഹത്തിൽനിന്ന് തിരിഞ്ഞുകളയാതിരിക്കുവിൻ - وَلَا تَوَلَّوْا عَنْهُ وَأَنتُمْ تَسْمَعُونَ - എന്ന വാക്യം അവരുടെ ദോഷം വെളിപ്പെടുത്തുകയാണ്. പ്രവാചകന്റെ സാന്നിധ്യത്തിൽതന്നെ നിങ്ങളുടെ അവസ്ഥയിതാണെങ്കിൽ നാളെ അദ്ദേഹത്തിന്റെ അഭാവത്തിലുള്ള അവസ്ഥ എന്തായിരിക്കും?

കേൾവിയുടെ കർമം നിരുക്തമാണ്. പ്രവാചകന്റെ കൽപനകളും ഉപദേശങ്ങളുമാണ് ഉദ്ദേശ്യം. നബിയുടെ അസാന്നിധ്യത്തിൽ അദ്ദേഹത്തിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന കാര്യങ്ങളും അതിൽ ഉൾപ്പെടുന്നു. تَوَلَّوْا എന്നതിന്റെ അസൽ രൂപം تتولو എന്നാണ്. ഉച്ചാരണ സൗകര്യത്തിനുവേണ്ടി ഒരു 'ത' ഉപേക്ഷിക്കപ്പെട്ടു. ഒരു കാര്യം അവഗണിച്ചുകൊണ്ട് തിരിഞ്ഞുപോവുക എന്ന അർഥത്തിലുള്ള تَوَلّى എന്ന മൂലത്തിൽനിന്നുള്ള ക്രിയയാണത്.

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാൻ കൽപിച്ച ശേഷം അദ്ദേഹത്തിൽനിന്ന് -റസൂലിൽനിന്ന്- തിരിഞ്ഞുകളയരുത് എന്നാണ് പറയുന്നത്. റസൂലിനെ അനുസരിക്കുന്നവൻ അല്ലാഹുവിനെയാണ് യഥാർഥത്തിൽ അനുസരിക്കുന്നത്. مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (റസൂലിനെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു-4:80). قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ (നീ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ സ്നേഹിക്കുവിൻ, അല്ലാഹു നിങ്ങളെ സ്നേഹിക്കും-3:31). അല്ലാഹുവിനോടുള്ള വിധേയത്വവും സ്നേഹവും പ്രാവർത്തികമാക്കാനുള്ള ഉപാധിയാണ് പ്രവാചകൻ. അല്ലാഹുവിന്റെ വിധിവിലക്കുകളും ഉപദേശനിർദേശങ്ങളും വെളിപ്പെടുന്നത് പ്രവാചകനിലൂടെ മാത്രമാണ്. അദ്ദേഹത്തെ അനുസരിക്കുന്നതിലൂടെയല്ലാതെ അല്ലാഹുവിനെ അനുസരിക്കാനാവില്ല. അല്ലാഹുവിന്റെ കൽപനകൾ മനുഷ്യർക്കെത്തിച്ചുതരുന്ന ദൂതൻ എന്ന അർഥത്തിലാണ് പ്രവാചകൻ നിരുപാധികമായ അനുസരണത്തിനർഹനാകുന്നത്. ആ അർഥത്തിൽ അദ്ദേഹത്തോടുള്ള അനുസരണം അല്ലാഹുവിനോടുള്ള അനുസരണവും അദ്ദേഹത്തോടുള്ള ധിക്കാരം അല്ലാഹുവിനോടുള്ള ധിക്കാരവുമാകുന്നു. അതുകൊണ്ട് അദ്ദേഹത്തിൽനിന്ന് തിരിഞ്ഞുകളയരുത്. وَلَا تَوَلَّوْا عَنْهُ എന്നു പറഞ്ഞതിന്റെ താൽപര്യം അല്ലാഹുവിൽനിന്ന് തിരിഞ്ഞുകളയരുത്, അവനെ അവഗണിക്കരുത് എന്നു തന്നെയാണ്. അല്ലാഹുവിനുള്ള അനുസരണവും റസൂലിനുള്ള അനുസരണവും വ്യത്യസ്തമായിരുന്നുവെങ്കിൽ ولا تولوا عنهما (ആ രണ്ടുപേരിൽനിന്നും തിരിഞ്ഞുകളയരുത്) എന്നായിരുന്നു പറയുക.

**21:** പ്രവാചകഭാഷണം കേട്ടാൽ തിരിഞ്ഞുകളയാതിരിക്കുക എന്നതിന്റെ വിവക്ഷ, ആ ഭാഷണമനുസരിച്ച് പ്രവർത്തിക്കാൻ തയാറാവുകയാണെന്നുണർത്തുകയാണ്. പ്രവാചകന്റെ മുമ്പിൽ കേൾക്കുന്നു, അനുസരിക്കുന്നു എന്ന നാട്യം കാണിക്കുക, പ്രവൃത്തിപഥത്തിൽ കേൾക്കുന്നു, ധിക്കരിക്കുന്നു എന്ന നിലപാട് സ്വീകരിക്കുക. ഇങ്ങനെയുള്ളവരെപ്പോലെയാകരുത് വിശ്വാസികൾ. യഹൂദരെയാണ് സൂചിപ്പിക്കുന്നത്. അവർ പ്രവാചകന്റെ മുന്നിൽ سَمِعْنَا وَأَطَعْنَا (ഞങ്ങൾ കേട്ടു, അനുസരിച്ചു) എന്നു പറയുകയും കർമപഥത്തിൽ سَمِعْنَا وَعَصَيْنَا (ഞങ്ങൾ കേട്ടു, ധിക്കരിച്ചു) എന്ന നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് സൂറഃ *അൽബഖറ*യിൽ വിശദീകരിച്ചിട്ടുണ്ട്. കപടവിശ്വാസികളുടെ ഈ നിലപാട് പ്രവാചകനെ പിന്തുടരൽ (اتباع الرّسول) അല്ല പ്രത്യുത യഹൂദരെ പിന്തുടരൽ (اتباع اليهود) ആകുന്നു. യഥാർഥ സത്യവിശ്വാസികൾ ഒരിക്കലും അത്തരം യഹൂദരുടെ കാൽപാടുകൾ പിന്തുടർന്നുകൂടാ.

കേൾക്കാതെകണ്ട്, കേട്ടു എന്നു പറഞ്ഞവർ (كَالَّذِينَ قَالُوا سَمِعْنَا وَهُمْ لَا يَسْمَعُونَ) എന്നതുകൊണ്ടുദ്ദേശ്യം കേട്ടിട്ടില്ലാത്തത് കേട്ടു എന്നു നുണ പറഞ്ഞവർ എന്നല്ല; മറിച്ച് കേൾക്കേണ്ടവിധം കേൾക്കാത്തവർ, കേട്ടത് ഉൾക്കൊള്ളാത്തവർ, അനുസരിക്കാത്തവർ എന്നാണ്. കേൾവിയുടെ ലക്ഷ്യം ജ്ഞാനവും തദനുസാരമായ കർമവുമാണ്. അത് രണ്ടുമില്ലാത്ത കേൾവി കർണപുടങ്ങളിലൂടെയുള്ള ശബ്ദവീചികളുടെ കടന്നുപോക്കു മാത്രമാണ്. അങ്ങനെ കേൾക്കുന്നവർ ഫലത്തിൽ കേൾക്കാത്തവർ- وَهُمْ لَا يَسْمَعُونَ - ആണ്.

**22:** മുൻ സൂക്തത്തിൽ വിലക്കിയ സമ്പ്രദായത്തിന്റെ ഗൗരവം തുറന്നു കാണിക്കുകയാണീ സൂക്തം. ഇന്ദ്രിയാനുഭവങ്ങളിലൂടെ ജ്ഞാനം ഉൾക്കൊള്ളുകയും അതനുസരിച്ച് ചരിക്കുകയും ചെയ്യാത്തവർ മിണ്ടാപ്രാണികളായ കാലികളെപ്പോലെയാണ്, അല്ല അതിനേക്കാൾ മോശമാണവരുടെ അവസ്ഥയെന്ന് സൂറഃ *അൽഅഅ്റാഫ്* 179-ാം സൂക്തത്തിൽ വിശദീകരിച്ചിട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങളുണ്ടെങ്കിലും മൃഗങ്ങൾ അതിലൂടെ യാതൊന്നും പഠിക്കുന്നില്ല. പഞ്ചേന്ദ്രിയങ്ങളിലൂടെ ജ്ഞാനമുൾക്കൊള്ളാത്ത മനുഷ്യരും അവരെപ്പോലെയാകുന്നത് അതുകൊണ്ടാണ്. മൃഗങ്ങൾ പക്ഷേ ആ അവസ്ഥയിലും അവയുടെ ധർമം നിറവേറ്റുന്നുണ്ട്. മനുഷ്യനാവട്ടെ, അവന്റെ ധർമം ലംഘിക്കുകയാണ് ചെയ്യുന്നത്. അതിനാൽ അവന്റെ അവസ്ഥ മൃഗങ്ങളുടേതിനേക്കാൾ അധമമാകുന്നു. അത്തരം മനുഷ്യരാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റം നികൃഷ്ടരായ ജന്തുക്കൾ.

يَعْقِلُونَ عقل (ബുദ്ധി) എന്ന മൂലപദത്തിൽനിന്നുള്ളതാണ് എന്ന ബഹുവചന ക്രിയാവാക്ക്. ഏകവചനം يعقل. ബുദ്ധി ഉപയോഗിക്കുക, ഗ്രഹിക്കുക, മനസ്സിലുൾക്കൊള്ളുക എന്നർഥം. الصُّمُّ الْبُكْمُ الَّذِينَ لَا يَعْقِلُونَ (ബുദ്ധി ഉപയോഗിക്കാത്തവരായ ബധിരരും മൂകരും) എന്നതിന്റെ വിവക്ഷ ബധിരരും മൂകരുമായതിനാൽ ബുദ്ധി ഉപയോഗിക്കാൻ കഴിയാത്തവർ എന്നല്ല, ബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ ഗ്രഹിക്കാൻ കൂട്ടാക്കാത്തതിനാൽ കേൾവിശക്തിയെയും സംസാരിശേഷിയെയും നിഷ്ഫലമാക്കിയവർ എന്നാണ്. ജ്ഞാനപ്രപഞ്ചത്തിലേക്ക് തുറന്നുകിടക്കുന്ന വാതിലുകളാണ് ഇന്ദ്രിയങ്ങൾ. ആ വാതിലുകളിലൂടെ കടന്നുചെന്ന് ജ്ഞാനങ്ങൾ പെറുക്കിയെടുക്കാനുള്ള വെളിച്ചമാണ് ബുദ്ധിയും ചിന്താശേഷിയും. അത് രണ്ടും ഉപയോഗിക്കാത്തവർ ഇരുട്ടിലകപ്പെടുന്നു. അവരുടെ മുന്നിൽ ജ്ഞാനലോകത്തേക്ക് കടക്കാനുള്ള വാതിലുകൾ തുറന്നുകിടക്കുന്നതും അത്തരം വാതിലുകളേ ഇല്ലാതിരിക്കുന്നതും ഒരുപോലെയാണ്. ബുദ്ധിയും ചിന്താശേഷിയും ഉപയോഗപ്പെടുത്തുന്നവർക്ക് പ്രാപിക്കാവുന്ന ഉയരങ്ങൾക്കതിരില്ല. അതുപോലെ അത് രണ്ടും നിഷേധിക്കപ്പെട്ടവർ ആപതിക്കാവുന്ന അധഃസ്ഥിതിക്കും അതിരില്ല.

**23:** നേരത്തേ പല സന്ദർഭങ്ങളിലായി وَاللَّهُ لَا يَهْدِي الْقَوْمَ الْكَافِرِينَ .... الظَّالِمِينَ .... الْفَاسِقِينَ (സത്യത്തെ മനഃപൂർവം നിഷേധിക്കുന്നവർക്ക്.... അതിക്രമകാരികൾക്ക്.... ധർമധിക്കാരികൾക്ക്... അല്ലാഹു സന്മാർഗദർശനം നൽകുന്നില്ല) എന്നിങ്ങനെ അവതരിപ്പിച്ചിട്ടുള്ള ആശയത്തിന്റെ മറ്റൊരു ഭാഷ്യമാണ് ഈ സൂക്തം. ധർമോപദേശങ്ങൾ കേട്ടിട്ടും ചിലർ അതുൾക്കൊള്ളാതെയും അനുസരിക്കാതെയും ചരിച്ച് ദൈവത്തിങ്കൽ ഏറ്റം നികൃഷ്ടമായ ജന്തുവായിത്തീരുന്നത്, കേൾക്കാനും അനുസരിക്കാനും ഉള്ള കഴിവ് ദൈവം അവർക്ക് നൽകാത്തതുകൊണ്ടല്ലേ എന്ന സംശയത്തിനുള്ള മറുപടിയുമാണിത്.

وَلَوْ عَلِمَ ٱللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ (അവരിൽ നന്മയുള്ളതായി അല്ലാഹു അറിഞ്ഞുവെങ്കിൽ അവൻ അവരെ കേൾപ്പിക്കുക തന്നെ ചെയ്യുമായിരുന്നു) എന്ന വാക്യത്തിന്റെ താൽപര്യം അവരിൽ നന്മയുണ്ടോ ഇല്ലേ എന്ന കാര്യം അല്ലാഹുവിന്നജ്ഞാതമാണ്, വല്ല നന്മയും ഉണ്ടെന്നറിഞ്ഞുവെങ്കിൽ അവരെ കേൾപ്പിക്കുമായിരുന്നു എന്നല്ല. അല്ലാഹു സർവജ്ഞനാണ്. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയുടെയും പരസ്യവും പരോക്ഷവുമായ എല്ലാ കാര്യങ്ങളും അവന് നന്നായറിയാം. ആ അറിവനുസരിച്ച് സന്മാർഗദർശനത്തിന് യോഗ്യരായവർക്ക് അവൻ അതിന് ഉതവിയരുളുന്നു. അല്ലാത്തവർക്ക് വിലക്കുകയും ചെയ്യുന്നു.

അല്ലാഹു മനുഷ്യപ്രകൃതിയിൽ ധർമാധർമങ്ങളെ സംബന്ധിച്ച് ഒരു മൗലികബോധം നിക്ഷേപിച്ചിട്ടുണ്ട്. അധർമബോധത്തെ തളർത്തി ധർമബോധത്തെ വളർത്തുന്നവനാണ് സന്മാർഗദർശനത്തിന് യോഗ്യത നേടുന്നത്. അല്ലാഹു തന്നെ നൽകിയ ഇന്ദ്രിയജ്ഞാനങ്ങളെ ബുദ്ധിയും വിവേചനശക്തിയുമുപയോഗിച്ച് ജഡിക വാസനകൾക്കപ്പുറത്തേക്ക് വികസിപ്പിക്കുമ്പോഴേ ധർമബോധം ഉണരുകയും വളരുകയും ചെയ്യൂ. അങ്ങനെ വളർത്തുന്നവരെ അവൻ പ്രവാചകന്മാരിലൂടെ, വേദങ്ങളിലൂടെ, മറ്റു പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ മാർഗദർശനം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പറഞ്ഞ യോഗ്യത ആരിലുണ്ടായാലും അല്ലാഹു അതറിയും. ഒരുവനിൽ അതുള്ളതായി അല്ലാഹു അറിയുന്നില്ലെങ്കിൽ അവനിൽ അതില്ല അഥവാ അവൻ സന്മാർഗദർശനത്തിന് യോഗ്യനല്ല എന്നാണർഥം. അല്ലാഹു നിക്ഷേപിച്ച നൈസർഗിക യോഗ്യതയെ പാഴാക്കിയവർ സന്മാർഗലബ്ധി അർഹിക്കുന്നില്ല എന്ന് സ്വയം സ്ഥാപിച്ചിരിക്കുന്നു. അത്തരക്കാരെ അവരുടെ പാട്ടിനു വിടുകയാണ് അല്ലാഹുവിന്റെ നടപടിക്രമം. മറ്റൊരിടത്ത് ഖുർആൻ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

فَأَمَّا مَنْ أَعْطَىٰ وَٱتَّقَىٰ ﴿٥﴾ وَصَدَّقَ بِٱلْحُسْنَىٰ ﴿٦﴾ فَسَنُيَسِّرُهُۥ لِلْيُسْرَىٰ
﴿٧﴾ وَأَمَّا مَنۢ بَخِلَ وَٱسْتَغْنَىٰ ﴿٨﴾ وَكَذَّبَ بِٱلْحُسْنَىٰ ﴿٩﴾ فَسَنُيَسِّرُهُۥ
لِلْعُسْرَىٰ ﴿١٠﴾

(എന്നാൽ ദാനം ചെയ്യുകയും ധിക്കാരം വെടിയുകയും നന്മയെ സത്യപ്പെടുത്തുകയും ചെയ്തവന് നാം സുഗമമായ സന്മാർഗം അനായാസമാക്കിക്കൊടുക്കുന്നു. ലുബ്ധനാവുകയും തൻപ്രമാണിയാവുകയും നന്മയെ നിഷേധിക്കുകയും ചെയ്തവനോ അവന് ക്ലേശകരമായ പരിണതിയിലേക്കുള്ള വഴിയും അനായാസമാക്കിക്കൊടുക്കുന്നു- 92:5-10).

وَلَوْ أَسْمَعَهُمْ لَتَوَلَّوا۟ وَّهُم مُّعْرِضُونَ (അവരെ കേൾപ്പിച്ചാൽ അവഗണിച്ചു തിരിഞ്ഞുകളയുകയേയുള്ളൂ) എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: സന്മാർഗ ലബ്ധിക്കുള്ള അടിസ്ഥാന യോഗ്യത നഷ്ടപ്പെടുത്തിയവർക്ക് സന്മാർഗം നൽകാതിരിക്കുന്നത് അവരെ അവഗണിച്ചതുകൊണ്ടല്ല; പ്രത്യുത അവർ സന്മാർഗത്തെ അവഗണിച്ചതുകൊണ്ടാണ്. അത്തരക്കാരെ കേൾപ്പിക്കുന്നത് വെറുതെയാണ്. അതവരുടെ മനസ്സിൽ വേരുപിടിക്കുകയില്ല. രസനേന്ദ്രിയവും ആമാശയവും തകരാറായാൽ പിന്നെ എത്ര രുചികരമായ പോഷകാഹാരം കൊടുത്തിട്ടും കാര്യമില്ല. വായിലെത്തിയാൽ ഉടനെ തുപ്പിക്കളയും. നിർബന്ധിച്ച് ഇറക്കിച്ചാലും താമസിയാതെ ഛർദിച്ചുപോകും. വിത്ത് നന്നായതുകൊണ്ടു മാത്രം അത് എല്ലായിടത്തും വളർന്നു പുഷ്പിക്കുന്നില്ല. വിതക്കുന്ന ഭൂമി അത് മുളക്കാനും വളരാനും ആവശ്യമായ വളക്കൂറുള്ളതാകണം. സന്മാർഗവിത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. നൈസർഗിക നന്മകളാൽ ഫലഭൂയിഷ്ടമായ മനസ്സിലേ അത് മുളക്കുകയും വളരുകയുമുള്ളൂ. തരിശായ മനസ്സിൽ സന്മാർഗം വിതച്ചാൽ, മുളച്ചു വളരാതിരിക്കുക എന്നത് അല്ലാഹുവിന്റെ തന്നെ നിയമമാണ്. ■